അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ കോട്ട

54 [1951] ശ്രീ. എം.എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ റേഷൻ വിതരണത്തിന് ഇക്കൊല്ലം ഓരോ മാസത്തേയ്ക്കും അനുവദിച്ച അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ ഇവ എത്രവീതം എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

സംസ്ഥാനത്തെ റേഷൻ വിതരണത്തിന് 2004 ജനുവരി മുതൽ 2005 ഫെബ്രുവരി വരെ ഓരോ മാസത്തേക്കും കേന്ദ്രസർക്കാർ അനുവദിച്ച അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ അളവ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഭക്ഷ്യ സ്വയം പര്യാപ്തത

55 [1952] ശ്രീ. രാജു എബ്രഹാം :
,, വി. കെ. സി. മമ്മത്കോയ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അരിയുടെ ആഭ്യന്തര ലഭ്യതയും സംസ്ഥാനത്തിന് പുറത്തുനിന്നുള്ള അരിയുടെ വാങ്ങൽ സംബന്ധമായ കണക്കുകളും വിശദമാക്കാമോ ;

(ബി) പൊതുവിതരണ ശൃംഖലയിലൂടെയും അല്ലാതെയും വിതരണം ചെയ്യുന്നതിന് സംസ്ഥാനത്തിന് പുറത്തുനിന്നും എത്ര ടൺ അരിയാണ് കേരളത്തിലെത്തുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങാതെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് സിവിൽസപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്ത് അരിയാക്കി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അരിയുടെ ആഭ്യന്തര ലഭ്യത 2003-04 കാലയളവിൽ 570045 മെ. ടൺ ആണ്. സംസ്ഥാനത്തിന് പുറത്തുനിന്ന് സർക്കാർ പൊതുവിതരണ ശൃംഖലയിൽകൂടി വിതരണം ചെയ്യുന്നതിന് എഫ്.സി.ഐ. മുഖേന ലഭ്യമാക്കുന്ന അരി അല്ലാതെ മറ്റ് വിധത്തിൽ അരി വാങ്ങാറില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്നതിന് എഫ്.സി.ഐ. മുഖാന്തിരം പ്രതിമാസം 158289 മെ.ടൺ അരി ലഭിക്കുന്നുണ്ട്. 1955-ലെ അവശ്യ സാധന നിയമത്തിൽ അരി മുതലായ ഭക്ഷ്യസാധനങ്ങളുടെ നിയന്ത്രണ ഉത്തരവുകൾ പിൻവലിച്ചിരിക്കുന്ന സാഹചര്യത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും പൊതു കമ്പോളത്തിൽ വിതരണം ചെയ്യുന്ന അരിയുടെ കണക്ക് പ്രത്യേകമായി ശേഖരിക്കുന്നില്ല.

(സി) ഈ പദ്ധതിയുടെ സാധ്യതയെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷനുള്ള ഓരോ സാധനത്തിന്റെയും കേന്ദ്ര അലോട്ട്മെന്റ്

56 [1953] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ:
,, എൻ. രാജൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05 സാമ്പത്തിക വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷനുള്ള ഓരോ സാധനത്തിന്റെയും കേന്ദ്ര അലോട്ട്മെന്റ് എത്രവീതം ആയിരുന്നുവെന്നും 2000-01-ലെ അലോട്ട്മെന്റ് എത്രയായിരുന്നു എന്നും വ്യക്തമാക്കാമോ;

(ബി) ഓരോ സാധനത്തിന്റെയും പ്രസ്തുത വർഷങ്ങളിലെ വില നിലവാരം വെളിപ്പെടുത്താമോ;

(സി) പ്രതിവർഷം കടത്തുവാടകയും, മറ്റ് ചെലവുകൾക്കുമായി ഇവയ്ക്ക് സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ടിവരുന്ന തുക എത്രയാണ് ;

(ഡി) സിവിൽ സപ്ലൈസ് വിതരണം ചെയ്ത ഓരോ സാധനത്തിനും ഈ കാലയളവിൽ എന്ത് വിലവർദ്ധനവാണുണ്ടായിട്ടുള്ളത് ;

(ഇ) സംസ്ഥാന ഗവൺമെന്റ് ഇവയ്ക്ക് എത്ര രൂപ സബ്സിഡിയാണ് നൽകുന്നത് ?

ഉത്തരം

(എ) ഉച്ചക്കഞ്ഞിക്കുള്ള അരി

2004-05-ലെ കേന്ദ്ര അലോട്ട്മെന്റ് ---4,23,270.80 qtls.
2000-01-ലെ കേന്ദ്ര അലോട്ട്മെന്റ് ---4,98,531.90 qtls.

പഞ്ചസാര

2000-01---32,042.3 MT
2004-05---40,607.6 MT

LIBRARY ARCHIVES Kerala Legislative Assembly